**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 280** **27-06-2024 - ൽ മറുപടിയ്ക്ക്**

**കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാലയുടെ നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ആധുനിക ശാസ്ത്രസാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ മൃഗസംരക്ഷണ മേഖലയെ ശാക്തീകരിക്കുന്നതിനായി കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്.ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ മൃഗസംരക്ഷണ അനുബന്ധ പരിപാലന പ്രവർത്തനങ്ങളിലും,മൃഗങ്ങളുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലും പ്രവർത്തിക്കുന്ന പൊതുജനങ്ങൾ, സംരംഭകർ, കർഷകർ എന്നിവർക്കായി സംസ്ഥാനത്തെ മൃഗസമ്പത്തിലും, വളർത്തുമൃഗാധിഷ്ഠിതമായ വിവിധ സംരംഭങ്ങളിലും സമൂലമാറ്റം കൊണ്ടുവരുന്നതിനായി കേരള വെറ്ററിനറി യൂണിവേഴ്സിറ്റി വിവിധ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്.<br><br>* പാൽ, മാംസം, മുട്ട എന്നിവയുടെ ഉത്പാദന വർദ്ധനവിനും മൂല്യ വർദ്ധനവിനും കേരള വെറ്ററിനറി സർവ്വകലാശാല വിവിധ ശാസ്ത്രീയ ഇടപെടലുകൾ നടത്തുന്നുണ്ട്.<br><br>*ഗവേഷണ സ്ഥാപനങ്ങൾ , വ്യവസായങ്ങൾ പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് മൃഗസംരക്ഷണ മേഖലക്ക് കൂടുതൽ ശക്തിപകരുന്ന ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കി പ്രായോഗിക തലത്തിലെത്തിക്കുന്നുണ്ട്.<br><br>* മൃഗസംരക്ഷണ മേഖലയിൽ ഇടപെടുന്ന വിവിധ സർക്കാർ-സർക്കാരിതര സന്നദ്ധ സ്ഥാപനങ്ങളുമായി ചേർന്ന് കർഷകരുടെയും സംരംഭകരുടെയും ഉന്നമനത്തിന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഗവേഷണ, അധ്യാപന, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് സ്വകാര്യ പൊതുമേഖലകളുമായി ചേർന്ന് പങ്കാളിത്ത പദ്ധതികൾ ഏകോപിപ്പിച്ച് മൃഗസംരക്ഷണ മേഖലയെ |

| | | | |
|---|---|---|---|
| | | | ശാക്തീകരിക്കുന്ന രീതിയിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്.<br><br>* മൃഗോൽപന്ന നിർമാണത്തിലും മൂല്യ വർദ്ധനവിലും ശ്രദ്ധ കേന്ദ്രീകരിച്ച് ഭക്ഷ്യ സുരക്ഷക്കും, പോഷക സുരക്ഷക്കും, ശുചിയായ ഭക്ഷ്യ ഉത്പാദനത്തിനും വേണ്ട ഗവേഷണ, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്.<br><br>*വിവിധ സാമൂഹ്യ പൊതു മാധ്യമങ്ങളുപയോഗിച്ചും പ്രായോഗിക പരിശീലനങ്ങൾ നൽകിയും മേഖലയിൽ ഏർപ്പെട്ട് ജീവനോപാധികളെ കണ്ടെത്തുന്നവരെ ശാക്തീകരിച്ച് കുറഞ്ഞ ചിലവിൽ ഉത്പാദനം നടത്തി കൂടുതൽ ലാഭകരമായ മൃഗസംരക്ഷണ അനുബന്ധ പ്രവർത്തനങ്ങൾ കർഷകരിലെത്തിക്കുന്നതിനും സർവ്വകലാശാല പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. |
| (ബി) | മൃഗസംരക്ഷണ മേഖലയിലെ അക്കാദമിക ഗവേഷണ വിജ്ഞാന രംഗങ്ങളിൽ മികച്ച നേട്ടം കൈവരിക്കുന്നതിന് പ്രസ്തുത സർവകലാശാലയ്ക്ക് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്.മൃഗസംരക്ഷണ മേഖലയിലെ അക്കാദമിക ഗവേഷണ വിജ്ഞാന രംഗങ്ങളിൽ മികച്ച നേട്ടം കൈവരിക്കുന്ന തുമായി ബന്ധപെട്ടു ചുവടെ പറയുന്ന പദ്ധതികൾ വെറ്ററിനറി യൂണിവേഴ്സിറ്റി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>1) തൃശ്ശൂർ, വയനാട് എന്നീ രണ്ട് ജില്ലകളിൽ **ക്ഷീര സമൃദ്ധി പൈലറ്റ്** പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്. പാലുൽപ്പാദനം മെച്ചപ്പെടുത്തുന്നതിനും സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള മൃഗങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനും കർഷകർക്ക് ആരോഗ്യമുള്ളതും രോഗ പ്രതിരോധശേഷിയുള്ളതും ഉയർന്ന ഉത്പാദനക്ഷമതയുള്ള വിളവ് നൽകുന്നതുമായ പ്രാദേശികമായി ലഭ്യമായ പശുക്കളെ പ്രചരിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.<br><br>2)താറാവുകളിലെ മാരക വൈറസ് രോഗത്തിനെതിരെ വികസിപ്പിച്ച "**റായ്മറല്ല**" വാക്സിനും ആടുകളിലെ രോഗനിർണ്ണയത്തിനായി "**അനീമിയ**" കാർഡും, സർവ്വകലാശാലയുടെ കർഷക സൗഹൃദ ഗവേഷണ പദ്ധതികളായി മാറിയിട്ടുണ്ട്.<br><br>3)കോഴി വളർത്തുന്നവർക്ക് പുതിയ മികച്ച കോഴി ഇനങ്ങളായ "**ത്രിവേണി**" "**തലശ്ശേരി**" എന്നിവയും "**ചൈത്ര**" എന്ന താറാവിനവും പന്നി കർഷകർക്ക് കുറഞ്ഞ ചിലവിൽ ഉത്പാദനം നടത്താൻ പര്യാപ്തമായ പന്നി ഇനം "**മണ്ണുത്തി പന്നി**" ഗവേഷണത്തിലൂടെ ഉരുതിരിച്ചെടുത്തിട്ടുള്ളതാണ്. |

4)തൃശ്ശൂർ ജില്ലയിലെ വാണിയമ്പാറ മേഖലയിൽ പട്ടികവർഗ്ഗക്കാർക്കായി പാൽ ഉത്പന്ന വികസന യൂണിറ്റ് കൈമാറി. **"സംശുദ്ധ"** എന്ന പേരിൽ ബ്രാൻഡഡ് പാൽ,മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവ തയ്യാറാക്കി വിപണനം ചെയ്യാനും അതുവഴി പട്ടികവർഗ്ഗക്കാർക്കുള്ള വരുമാന വർദ്ധനവിനും പദ്ധതി ലക്ഷ്യമിടുന്നു.

5)ക്ഷീരവികസന വകുപ്പുമായി സഹകരിച്ച് ജില്ലാ ക്ഷീരസംഗമത്തിൽ കർഷകരുടെകണ്ടുപിടുത്തങ്ങളും നൂതന ആശയങ്ങളും അവതരിപ്പിക്കുന്ന **"നാട്ടിലെ ശാസ്ത്രം"** പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് .

6)കേരളത്തിലെ കോഴിയിറച്ചി ഉത്പാദന സംസ്കരണ മേഖലക്ക് കരുത്ത് പകരുന്നതിന് അടുക്കള മുറ്റത്തെ മാതൃക ഇറച്ചി കോഴി വളർത്തൽ പദ്ധതിയായ **"പ്രതീക്ഷ"** സർവ്വകലാശാല പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

7)ആട്, മുയൽ, പന്നിവളർത്തൽ ഉൾപ്പെടെയുള്ള ചെറിയ വളർത്തുമൃഗ കർഷകരുടെ ഉന്നമനത്തിനായി സർവ്വകലാശാല **സ്പർശം** എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്

8)സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി **ജീവനാദം** എന്ന റേഡിയോ പ്രക്ഷേപണ പരിപാടി ആരംഭിച്ചിട്ടുണ്ട്. ഇതിൽ മൃഗസംരക്ഷണ, ക്ഷീര വികസന രംഗത്തെ സംരംഭകർക്കും കർഷകർക്കും വേണ്ടി പ്രത്യക മൊഡ്യൂളുകൾ ഉൾപ്പെടുത്തിയിട്ടുണ്ടുമുണ്ട്.

9)സർവ്വകലാശാലയിലെ വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ മറ്റ് സർവ്വകലാശാല വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, കർഷകർ എന്നിവരിൽ മൃഗസംരക്ഷണ സംരംഭകത്വ ശീലം വളർത്താനും വിജയകരമായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അത് നല്ല രീതിയിൽ നടത്തിക്കൊണ്ടു പോകുന്നതിനും ജീവിത വരുമാനം കണ്ടെത്തുന്നതിനും വേണ്ടി **സംരംഭകത്വ ഡയറക്ടറേറ്റ്** തന്നെ സർവ്വകലാശാലയിൽ നിലവിലുണ്ട്. സംരംഭകത്വ ഡയറക്ടറേറ്റിന്റെ കീഴിൽ ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററും പ്രവർത്തിക്കുന്നുണ്ട്.

മൃഗസംരക്ഷണ മേഖലക്ക് ശക്തി പകരുന്ന താഴെ പറയുന്ന പുതിയ ചില പ്രവർത്തനങ്ങൾ സർവകലാശാല നടത്തിവരുന്നുണ്ട് :

| | | | |
|---|---|---|---|
| | | | i) "ADVISE-KVASU" (IVRS -Interactive Voice Response System from KVASU) സംസ്ഥാനത്തെ മൃഗസംരക്ഷണ ക്ഷീര മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്കും സംരംഭകർക്കും മറ്റ് പൊതുജനങ്ങൾക്കും വേണ്ടി ഒരു ടോൾഫ്രീ നമ്പർ പ്രവർത്തന സജ്ജമാക്കി.<br><br>ii)"KVASU – LIFE SCREEN " -"ശാസ്ത്രീയ മൃഗസംരക്ഷണത്തിന്റെ നേർകാഴ്ച "(സർവകലാശാലയുടെ തനതു പ്രതിവാര വീഡിയോ സംപ്രേഷണം)<br><br>iii)"ജീവധനം"–"മൃഗസംരക്ഷണ സംരംഭകർക്കും കർഷകർക്കും വേണ്ടി സർവകലാശാലയുടെ തനത് മലയാള പ്രസിദ്ധീകരണം"<br><br>iv)"KVASU-ROOM 4 REPORT"-" (In house news /event reporting platform for KVASU) 'സർവകലാശാലയുടെ റിപ്പോർട്ടിംഗ് മൊബൈൽ ആപ്ലിക്കേഷൻ' |
| (സി) | പ്രസ്തുത സർവകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങളിൽ വിദേശ സർവകലാശാലകളുടെയും ശാസ്ത്രജ്ഞരുടെയും സഹകരണം ഉറപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഉണ്ട് .വിശദ വിവരം ചുവടെ ചേർക്കുന്നു:<br><br>*കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി- യൂണിവേഴ്സിറ്റി ഓഫ് മിന്നസോട്ട, യു.എസ്.എ, ടോക്സിക്കോളജി എക്സലൻസ് ഫോർ റിസ്ക് അസ്സസ്സ്മെൻറ്, ഒഹിയോ, യു.എസ്.എ., ഒക്‌ലഹോമ സ്റ്റേറ്റ് യൂണിവേഴ്സിറ്റി കോളേജ് ഓഫ് വെറ്ററിനറി മെഡിസിൻ, ഒക്‌ലഹോമ, യു.എസ്.എ, യൂണിവേഴ്സിറ്റി ഓഫ് ജോർജിയ എന്നീ വിദേശ സർവ്വകലാശാലകളുമായി അക്കാദമിക ഗവേഷണ പ്രവർത്തനങ്ങൾനടത്തുന്നതിനായി സഹകരണത്തിലേർപ്പെട്ടിട്ടുണ്ട്.<br><br>*യു.എസിലെ സൗത്ത് ഡക്കോട്ട സർവകലാശാലയിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. മനീഷ എസ്. മോഹൻ, കാനഡയിലെ കാൽഗറി സർവകലാശാലയിലെ വെറ്ററിനറി മെഡിസിൻ ഫാക്കൽറ്റി ഡോ. ജേക്കബ് ചാക്കോ തുണ്ടത്തിൽ എന്നിവരെ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരിന്റെ "Brain Gain Programme" എന്ന പദ്ധതി സർവകലാശാലയിൽ വിജയകരമായി നടത്തിയിട്ടുണ്ട്. |
| (ഡി) | മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് സഹായകമാകുന്ന എന്തെല്ലാം നേട്ടങ്ങളാണ് സർവകലാശാലയുടെ ഗവേഷണ | (ഡി) | സർവകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി താഴെ പറയുന്നവ ആവിഷ്കരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ? | | *കേരളത്തിലെ താറാവ് വ്യവസായത്തെ തളർത്തുന്ന ഒരു ബാക്ടീരിയ രോഗമായ റൈമെറെല്ലോസിസ് എന്ന മാരകരോഗത്തിനെതിരായി സർവകലാശാലയിലെ വെറ്ററിനറി മൈക്രോബയോളജി വിഭാഗത്തിൽ വാക്സിൻ വികസിപ്പിച്ചിട്ടുണ്ട്.<br><br>*സെന്റർ ഫോർ അനിമൽ അഡാപ്റ്റേഷൻ ടു എൻവയോൺമെൻറിൽ ചെറുതും വലുതുമായ മൃഗങ്ങളിൽ താപ സമ്മർദ്ദം വിലയിരുത്തുന്നതിനായി ആഗോള നിലവാരത്തിലുള്ള അത്യാധുനിക കാലാവസ്ഥാ നിയന്ത്രിത ഗവേഷണ സൗകര്യം സ്ഥാപിച്ചിട്ടുണ്ട്.<br><br>*പൂക്കോട് കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസിലെ ആനിമൽ ജെനറ്റിക്സ് ആന്റ് ബ്രീഡിംഗ് വകുപ്പിൽ ഒരു ബയോ ഇൻഫോർമാറ്റിക്സ് ലബോറട്ടറി സ്ഥാപിച്ചിട്ടുണ്ട്.<br><br>*ഗുണമേന്മയുള്ള തൈര് ഉൽപ്പാദിപ്പിക്കുന്നതിനായി വികസിപ്പിച്ച തൈര് ക്രമീകരണ ഇൻകുബേറ്റർ ഉപകരണങ്ങളുടെ വാണിജ്യ ഉൽപാദനത്തിനായി സാങ്കേതികവിദ്യ കൈമാറിയിട്ടുണ്ട്.<br><br>*കോഴിത്തീറ്റയ്ക്കുള്ള വിപുലമായ മൈക്കോടോക്സിൻ പരിശോധനാ സൗകര്യം മണ്ണുത്തി കാമ്പസിൽ സ്ഥാപിച്ചിട്ടുണ്ട്.<br><br>*പാലക്കാട് ജില്ലയിലെ തിരുവാഴാംകുന്നിലെ കന്നുകാലി ഗവേഷണ കേന്ദ്രത്തിൽ കന്നുകാലി ഉത്പാദനത്തിന്റെ ദീർഘകാല പരീക്ഷണത്തിനായി സൈലന്റ് വാലി ഫാം പ്ലാറ്റ്ഫോം സ്ഥാപിച്ചിട്ടുണ്ട്. ലോകത്തിലെ 26 ഗവേഷണ സ്ഥാപനങ്ങളുടെ അന്താരാഷ്ട്ര ശൃംഖലയുടെ പങ്കാളിയായാണ് ഇത് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ